"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കോവിൽത്തോട്ടം-റ്റി.എസ്.കനാലിന് കുറുകെ നിർമ്മിക്കുന്ന പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം - സ്ഥലം ഏറ്റെടുക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.282/2024/F&P തീയതി,തിരുവനന്തപുരം, 12-06-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.303/2017/F&PD, തീയതി, 12/04/2017.
2. സ.ഉ.(സാധാ) നം.395/2018/F&PD, തീയതി, 21/05/2018.
3. സ.ഉ.(സാധാ) നം.4028/2021/RD, തീയതി 20/11/2021.
4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07/07/2023, 25/07/2023, 17/10/2023 എന്നീ തീയതികളിലെ എച്ച്ഇസിഇ/321/2022/ഡിആർ6 നമ്പർ കത്തുകൾ.
5. 10/01/2024, 15/04/2024 എന്നീ തീയതികളിലെ എച്ച്ഇസിഇ/321/2022/ഡി2 നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കോവിൽത്തോട്ടം റ്റി. എസ് കനാലിന് കുറുകെ പാലം നിർമ്മാണത്തിന്റെ അപ്പ്രോച്ച് റോഡിന് 600 ച. മീ. സ്ഥലം ഏറ്റെടുക്കുന്നതിനായി സൂചന (1), (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2) അപ്രോച്ച് റോഡ് നിർമ്മാണത്തിന് 207.93 ച. മീ.സ്ഥലം കൂടി ആവശ്യമായി വരുമെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് കരുനാഗപ്പള്ളി താലൂക്കിൽ പന്മന വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 186/1, 186/4, 186/5, 186/5-2, 186/5-3, 1868, 186/9, 186/11, 186/12, 186/16, 189/1 എന്നിവകളിലായി 807.93 ച.മീ. സ്ഥലം RECTLARR Act പ്രകാരം ഏറ്റെടുക്കുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ പാലത്തിന്റെ അപ്പ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്നുള്ള ഉത്തരവ്/ നിർദ്ദേശം ലഭ്യമായാൽ മാത്രമേ അക്വിസിഷൻ നടപടികൾക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി റവന്യൂ ഡിപ്പാർട്ട്മെന്റിന് എൽ.എ തഹസിൽദാറുടെ ശുപാർശ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു എന്നും ഇത്തരത്തിൽ ശുപാർശയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ അനുമതി

കൂടി ലഭ്യമാക്കിയാൽ മാത്രമേ അക്വസിഷൻ നടപടികളുടെ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധ്യമാകുകയുള്ളു എന്ന് തഹസിൽദാർ അറിയിച്ചിട്ടുള്ളതായും പരാമർശം (5)-ലെ 15/04/2024-ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ ഈ വിഷയം പ്രതിപാദിച്ചു കൊണ്ട് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (4), (5) കത്തുകൾ പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിൽത്തോട്ടം- റ്റി.എസ് കനാലിന് കുറുകെ പാലം നിർമ്മാണ പ്രവൃത്തിക്ക് ഇതിനകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കരാറുകാരുമായി ഉടമ്പടി വെച്ച് കഴിഞ്ഞ സാഹചര്യത്തിൽ, കരുനാഗപ്പളി താലൂക്കിൽ പന്മന വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 186/1, 186/4, 186/5, 186/5-2, 186/5-3, 186/8, 186/9, 186/11, 186/12, 186/16, 189/1 എന്നിവകളിലായി 807.93 ച. മീ. സ്ഥലം RFCTLARR Act പ്രകാരം ഏറ്റെടുക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 13-06-2024 15:07:12